പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

07.11.2019-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3014

## ഇഞ്ചത്തൊട്ടി പാലം നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ആന്റണി ജോൺ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കുട്ടമ്പുഴ - കീരംപാറ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്ക് യാത്രാ സൗകര്യത്തിന് ഉപകാരപ്പെടുന്നതുമായ ഇഞ്ചത്തൊട്ടി പാലം നിർമ്മാണം എന്ന് പരിഗണനയിലുണ്ടോ അറിയിക്കുമോ;<br>(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>(സി) ഇത് സംബന്ധിച്ച തുടർനടപടിയുടെ പുരോഗതി വിശദമാക്കാമോ;<br>(ഡി) ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാകുന്ന പ്രസ്തുത പാലം നിർമ്മാണത്തിന് വേഗത്തിൽ അനുമതി നൽകുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (എ)<br>(ബി)<br>(സി)<br>(ഡി)<br>ഇഞ്ചത്തൊട്ടി പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 5.50 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട് (PRICE ID No.RD/2018/7709). ഈ പ്രവൃത്തി 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഡിസൈൻ ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ